# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 – 2026

എസ്.ബി.എസ്. മീറ്റ്ന
എസ്.ആർ.കെ നഗർ
മീറ്റ്ന, ഒറ്റപ്പാലം
പാലക്കാട്.

# ഉള്ളടക്കം

ഭാഷാശേഷി വികസനം – മലയാളം, ഇംഗ്ലീഷ്, ഹിന്ദി

ഗണിത ശേഷി വികസനം

ശാസ്ത്രാഭിരുചി വളർത്തൽ

സാമൂഹികാവബോധം വളർത്തൽ

പ്രവർത്തന പദ്ധതികൾ

# ആമുഖം

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി കേരള സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷാ കേരളവും സംയുക്തമായി നടപ്പിലാക്കുന്ന പരിപാടിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.

ഓരോ ക്ലാസ്സിലും പ്രായത്തിനനുസരിച്ച് കുട്ടികൾ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അക്കാദമിക് ഗുണനിലവാരം ഉയർത്തുക, മൂല്യനിർണയം പ്രാവർത്തികമാക്കുക, മോഡേൺ ടെക്നോളജി പ്രയോജനപ്പെടുത്തുക തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് വിവിധ ഏജൻസികളുടെയും വകുപ്പുകളുടെയും സംയോജിപ്പിച്ച് വിഭാവനം ചെയ്യുന്നത്. പ്രീ-പ്രൈമറി മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികളെ കേന്ദ്രീകരിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന അക്കാദമിക് ആക്ഷൻ പ്ലാനാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്.

പഠനപിന്നോക്ക അവസ്ഥയുള്ള കുട്ടികളെ കണ്ടെത്തി രക്ഷിതാക്കളുടെ സഹകരണത്തോടെ മികവിലേക്ക് കൈപിടിച്ച് ഉയർത്തുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ മുന്നോട്ട് വയ്ക്കുന്നത്. പ്രവർത്തനങ്ങൾ കർശനമായി നടപ്പിലാക്കുകയും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ശേഷികൾ കുട്ടികൾ സ്വായത്തമാക്കിയെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

ഭാഷാശേഷി വികസനം, ഗണിത ശേഷി വികസനം വായനാ പരിപോഷണം എന്നിവയാണ് ഞങ്ങളുടെ ഈ വർഷത്തെ മുഖ്യ ലക്ഷ്യങ്ങൾ.

ആഗോള നിലവാരത്തിലേക്ക് ഉയരാനാകുന്ന അടിസ്ഥാന വിദ്യാഭ്യാസം നേടുവാൻ എല്ലാതലങ്ങളിലുമുള്ള കുട്ടികളെയും ഒരുപോലെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഞങ്ങളുടെ സ്കൂളിൽ ഈ വർഷം നടപ്പിലാക്കാൻ പോകുന്ന പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്.

2025-26 വർഷത്തിൽ ഞങ്ങളുടെ സ്കൂളിൽ നിന്നും പുറത്തുപോകുന്ന ഓരോ വിദ്യാർത്ഥിയും വിജ്ഞാനത്തിന്റെ 'ദീപശിഖ' കൈയ്യിലും മനസ്സിലും ഏന്തിക്കൊണ്ടായിരിക്കണം എന്നതാണ് ഞങ്ങളുടെ ആത്യന്തികമായ ലക്ഷ്യം.

എഴുത്തും വായനയും അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികളിൽ അവബോധമില്ലായ്മയും വീട്ടിലെ സാഹചര്യങ്ങളും ഒരു പരിധിവരെ അവരുടെ വിദ്യാഭ്യാസത്തിൽ അവരെ പിന്നോട്ട് നയിക്കുന്നവയാണ്.

അവയെല്ലാം കണക്കിലെടുത്ത് തയ്യാറാക്കിയ ഈ പ്ലാനുകളിലൂടെ തടസ്സങ്ങളെല്ലാം മറികടന്ന് ലക്ഷ്യത്തിലെത്താൻ ഞങ്ങൾക്ക് കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തോടെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഇവിടെ സമർപ്പിക്കുന്നു.